**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 254** **05-12-2022 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴയിൽ കൃഷ്ണപിള്ള സാംസ്കാരിക സമുച്ചയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | നവോത്ഥാന നായകരുടെ നാമധേയത്തിൽ ജില്ലകളിൽ സ്ഥാപിക്കുന്ന നവോത്ഥാന കേന്ദ്രങ്ങളുടെ ഭാഗമായി ആലപ്പുഴ ജില്ലയിലെ നൂറനാട് ലപ്രസി സാനിട്ടോറിയത്തിൽ പി. കൃഷ്ണപിള്ള സാംസ്കാരിക സമുച്ചയം സ്ഥാപിക്കാൻ സ്വീകരിച്ച നടപടികൾ (File No. 374/Health E2/2022) വിശദമാക്കുമോ; | (എ) | ആലപ്പുഴ ജില്ലയിലെ മാവേലിക്കര താലൂക്കിൽ താമരക്കുളം വില്ലേജിൽ ബ്ലോക്ക് നം.18 റിസർവ്വേ നമ്പർ 30 ലെ സ്ഥലത്തിൽ നിന്നും അഞ്ച് ഏക്കർ ഭൂമിയുടെ ഉടമസ്ഥാവകാശം സംസ്കാരിക വകുപ്പിന് വിട്ടു നൽകുന്നതിന് സമ്മതമാണെന്ന് 25/06/2020 ന് ആലപ്പുഴ ജില്ല കളക്ടറെ അറിയിച്ചിരുന്നു.<br><br>സർക്കാർ ഭൂമി ഏത് വകുപ്പിന്റെ കൈവശമുള്ളതാണെങ്കിലും അതിന്റെ കസ്റ്റോഡിയൻ എന്ന നിലയിൽ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിക്ഷിപ്തമാണ്. ആയതിനാൽ ആരോഗ്യ വകുപ്പിന്റെ കൈവശത്തിലുള്ള ഭൂമിയുടെ ഉടമസ്ഥത റവന്യൂ വകുപ്പിൽ പുനർ നിക്ഷിപ്തമാക്കിയതിനു ശേഷം സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾക്ക് വിധേയമായി സാംസ്കാരിക വകുപ്പിന് ഉപയോഗാനുമതി നൽകുക മാത്രമേ സാധ്യമാകുകയുള്ളൂ. നിലവിൽ ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിന് (Land Bank) കൈമാറുന്നതിന്മേൽ 1/11/2022ലെ കത്ത് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടറുടെ അഭിപ്രായം ആവശ്യപ്പെട്ടിരിക്കുന്നു. ആയത് ലഭ്യമായാൽ അടിയന്തര തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പി. കൃഷ്ണപിള്ള സാംസ്കാരിക സമുച്ചയ നിർമ്മാണത്തിനായി സ്ഥലം കൈമാറ്റം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (ബി) | ആലപ്പുഴ ജില്ലയിലെ മാവേലിക്കര താലൂക്കിൽ താമരക്കുളം വില്ലേജിൽ ബ്ലോക്ക് നം.18 റിസർവ്വേ നമ്പർ 30 ലെ സ്ഥലത്തിൽ നിന്നും അഞ്ച് ഏക്കർ ഭൂമിയുടെ ഉടമസ്ഥാവകാശം സംസ്കാരിക വകുപ്പിന് വിട്ടു നൽകുന്നതിന് സമ്മതമാണെന്ന് 25/06/2020 ന് ആലപ്പുഴ ജില്ല കളക്ടറെ അറിയിച്ചിരുന്നു.<br><br>സർക്കാർ ഭൂമി ഏത് വകുപ്പിന്റെ കൈവശമുള്ളതാണെങ്കിലും അതിന്റെ കസ്റ്റോഡിയൻ എന്ന നിലയിൽ ഉടമസ്ഥാവകാശം |

| | | | |
|---|---|---|---|
| | | | റവന്യൂ വകുപ്പിൽ നിക്ഷിപ്തമാണ്. ആയതിനാൽ ആരോഗ്യ വകുപ്പിന്റെ കൈവശത്തിലുള്ള ഭൂമിയുടെ ഉടമസ്ഥത റവന്യൂ വകുപ്പിൽ പുനർ നിക്ഷിപ്തമാക്കിയതിനു ശേഷം സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾക്ക് വിധേയമായി സാംസ്കാരിക വകുപ്പിന് ഉപയോഗാനുമതി നൽകുക മാത്രമേ സാധ്യമാകുകയുള്ളൂ. നിലവിൽ ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിന് (Land Bank) കൈമാറുന്നതിന്മേൽ 1/11/2022ലെ കത്ത് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടറുടെ അഭിപ്രായം ആവശ്യപ്പെട്ടിരിക്കുന്നു. ആയത് ലഭ്യമായാൽ അടിയന്തര തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ